# മഹാവാക്യപ്പൊരുൾ

പ്രസാധകർ :-

**സാധുഗോപാല സമാജം**

കൃഷ്ണപുരം.

Malayalam

മഹാവാക്യപ്പൊരുൾ

Author
Sadhu Chooloor R. Sreedharan Nair.

Published by
Sadhu Gopala Samajam
Krishnapuram, Kayamkulam. P. O.

Printed by
Falcon Printers
T. B. Road, Kottayam.

No. of Copies 501
Copy Right reserved

1984 സെപ്റ്റംബർ 15
1160 ചിങ്ങം 30



സാധു ചൂളൂർ
ആർ. ശ്രീധരൻനായർ

ഓം

മഹാവാക്യത്തെ ശ്രീ. ശ്രീധരൻ നായർ സ്വാമികൾ അറിഞ്ഞതിന്റെ ഒരു സുവ്യ ക്ത മാതൃകയാണിതിൽ അദ്ദേഹം കാട്ടിതന്നിരിക്കുന്നത്.

ലളിതമായി കൈകാര്യം ചെയ്തിരിക്കയാൽ ജിജ്ഞാസുക്കൾക്ക് ഇതു പ്രയോജനപ്രദമാണ്.

ഞങ്ങൾക്കുവേണ്ടി രൂപപ്പെടുത്തിത്തന്ന ഈ കൃതി നിർമ്മലമതികൾക്കു തൃപ്തിദായകമാകയാൽ ഞങ്ങൾ ഇതിനെ പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

ഇതോടുകൂടി അദ്ദേഹത്തിന്റെ പാടലുകളിലെ 'അർച്ചിതകുസുമ' പരമ്പരയിലെ ചിലതുകൂടി ചേർത്തിട്ടുണ്ട്.

എന്ന്

പ്രസാധകർ

സാധുഗോപാല സമാജം

കൃഷ്ണപുരം.

ഓം

# മഹാവാക്യപ്പൊരുൾ

## അവതാരിക

ഓം

പിഞ്ചുകുഞ്ഞുങ്ങൾ കയ്യിൽ
'ടാർച്ച്'ു കൊടുത്തെന്നാൽ
നോക്കുമേ സർവ്വയിടം,
ചന്ദ്രനെന്നല്ല കണ്ടീടും
നക്ഷത്രമഖിലവും.
ആയതുപോൽ വിളക്കു
കിട്ടിയോരാവേശത്താൽ
നോക്കുകയല്ലായിത്,
ആവശ്യമെന്തേറതാണ
ബ്രഹ്മത്തെ ലക്ഷ്യമാക്കി
അന്ധതമസ്സുമ്പോൾ
എള്ളിട തെററിയെന്നാൽ
വെളിവതു മാറിപ്പോകും
എന്നങ്ങറിഞ്ഞുനന്നായ്
കാട്ടുകയത്രേയിത്.
സൂക്ഷമായ് പ്രയോഗിക്കാൻ
പറവുന്ന വണ്ണമതു
മുറുക്കിമനോഹരം
ഇരുളങ്ങകററീടാൻ
ജ്യോതിസ്സാം ജ്യോതിസ്സായ
മംഗള പൂർണ്ണത്തിനെ
കണ്ടെത്തും വിധമതു
തുറന്നു കാട്ടുകതാൻ,

ക്ഷമയായ് കാര്യസാദ്ധ്യ
ങ്ങളെല്ലാമേ മതിയാക്കി
നിശ്ചല വിരക്തരായ്
വിളങ്ങും മഹത്തുക്കൾ
തൃപ്തമായാസ്വദിക്കാൻ
തുണയത്തു ചെയ്തീടണേ
എന്നേവം പ്രാർത്ഥിച്ചു ഞാൻ
ശ്രീഗുരു പാദങ്ങളിൽ
നിത്യവും രമിച്ചീടും
ശ്രീധരൻ സമർപ്പിപ്പൂ
പുറമേ കാട്ടുമെൻെറ
ഉള്ളിനേ ആത്മാവിനേ.

ഓം തത് സത്

**ആർ. ശ്രീധരൻനായർ**

# ഓം

# മഹാവാക്യപ്പൊരുൾ

## മഹാവാക്യം

### "<u>പ്രജ്ഞാനം ബ്രഹ്മ</u>"

ഉള്ളതായ് തോന്നിപ്പോയ
മിഥ്യയാം പ്രപഞ്ചമ-
തില്ലെന്നു കണ്ടറിഞ്ഞ-
ങ്ങാകാശ വടിവാർന്ന
ഭാരതീപുത്രനാകും
നിർമ്മലകുമാരകാ
ചൊല്ലുവൻ നിന്നോടു
ഞാനിമ്മഹാവാക്യാർത്ഥ
പൊരുളതു ശ്രദ്ധയാ
കേട്ടിട്ടങ്ങു, ധ്യാനത്തെ
ഉറപ്പിച്ചു, പ്രാജ്ഞനായ്
ഭവിക്ക കുമാരകാ

''പ്രജ്ഞാനം ബ്രഹ്മ'' മെന്നു
ഋഗ്ഗതു കഥിക്കുന്നു
ആയതു ചൊല്ലിത്തരാം,
വിവരിച്ചോതിത്തരാം.

കണ്ണാലേ കണ്ടീടുമ്പോഴും
ഉണ്ടാകുമറിവതും,
കാതിനാൽ കേട്ടീടുമ്പോഴും
ഉണ്ടാകുമറിവതും,
നാക്കിനാൽ രുചിക്കുമ്പോഴും
ഉണ്ടാകുമറിവതും,
ത്വക്കിനാൽ സ്പർശിക്കുമ്പോഴും
ഉണ്ടാകുമറിവതും,

മൂക്കിനാൽ ഘ്രാണിക്കുമ്പോൾ
ഉണ്ടാകുമറിവതും,
ഏതൊരുബോധമതേ
ആധാരമാക്കിയാണോ
ആ അറിവു താനല്ലോ
പ്രജ്ഞാനമറികെടോ

യാതൊന്നിൻ പ്രേരണയാൽ
ഭൂതങ്ങൾ പ്രവർത്തിപ്പൂ,
ഭൂമിതൻ ബിന്ദുക്കൾ തേ
ഒന്നിച്ചു നിലകൊൾവൂ,
ആയപോൽ ജലമതും
അന്യോന്യമാശ്ലേഷിപ്പൂ,
അഗ്നിതാൻ സർവഭക്ഷ-
കനായി വികസിച്ചു
വിശ്വമെങ്ങും നിറഞ്ഞ-
ങ്ങൊളിഞ്ഞു നിലകൊൾവൂ,
വായുവോ വീശിവീശി
വ്യാപകനായീടുന്നു,
ആകാശം സർവവ്യാപി
ആയിട്ടു നിലകൊൾവൂ,
ആയതേ ബ്രഹ്മമെന്നു
ശ്രുതികൾ ഘോഷിക്കുന്നു,
യാതൊന്നാലറിവതും,
യാതൊന്നാണറിഞ്ഞതും,
സർവമറിവാകുമാ-
യതു ബ്രഹ്മമെന്നങ്ങു-
റപ്പായ് ഗ്രഹിക്കെടോ.

അങ്ങനെ വരുന്നേരം
അറിയുമറിവതും
സർവ അറിവായതും
ഏകമെന്നത്രേ വിധി.

അവകളറിയുന്നോ
രറിവാണാത്മാവതു്
ആയതുതന്നെ ബ്രഹ്മ-
മെന്നത്രേ പ്രജ്ഞാനം ബ്ര-
ഹ്മമെന്നതിൻ പൊരുളെ-
ന്നുനന്നായിട്ടറിഞ്ഞു
തെളിക മഹാമതേ.

പോരെന്നു തോന്നുകയാൽ
ചൊല്ലാം ഞാനല്പംകൂടി
എങ്ങിനെ നീയറിയുന്നു
വെള്ളനിറത്തെ നീലയിൽ
നിന്നന്യമായി, അതുപോൽ
നീലത്തെ കറുപ്പിൽ നിന്ന-
ന്യമായി, ആയപോൽ ചുകപ്പും
മഞ്ഞയും വ്യത്യസ്ഥമായി,
അതുപോൽ നിറമെല്ലാം
വെവ്വേറെ അറിവതു്,അതു
പ്രജ്ഞാനത്തിൻ താങ്ങലാ-
ലാണെന്നോർക്ക കുമാരാ നീ
അല്ലാതെ ന്യായമൊന്നു
മായതിനില്ലെന്നോക്ക
അങ്ങനെ ദൃശ്യം പാക്ക.

ശ്രവണമെടുത്തെന്നാൽ
ഇതിലും വിചിത്രം താൻ.

ഞാനെന്ന പറച്ചിൽ മാത്രം
കൊണ്ടുരാമനോ കൃഷ്ണനോ
എന്നതു വ്യക്തമായറിവതും
പ്രജ്ഞ തൻ വൈശിഷ്ട്യംതാ-
നെന്നതുമറിക മഹാമതേ,
അതുപോൽ ശർക്കരരുചി
യതും പഞ്ചസാരതൻ
രുചിയതും വേർതിരി-
ച്ചറിവതും പ്രജ്ഞതൻ
വൈശിഷ്ട്യം താനെന്നതു
മോർക്കുക കുമാരാ നീ,
പിച്ചകപൂമണവും
മുല്ലപ്പൂമണമതും
വേർതിരിയേണമെങ്കിൽ
പ്രജ്ഞയല്ലാതെ മററാ
ക്കെടോ ശക്തിപാർത്താൽ,
"ഹൽവ" തൻ മൃദുത്വവും,
പഞ്ഞിതൻ മൃദുത്വവും,
വേർതിരിച്ചീടുവാനും
പ്രജ്ഞ താൻ വേണമെടോ.

മൊത്തത്തിലറിവതും,
വേർതിരിച്ചറിവതും,
പ്രജ്ഞാനം തന്നെയെടോ
അഖിലമറിവാകും
ആയതേ ബ്രഹ്മം ബ്രഹ്മം !
പ്രജ്ഞാനം ബ്രഹ്മം തന്നെ.

ഈയിത്തും മതിയല്ലാ,
ജാഗ്രത്തിൽ നില്ക്കും ജ്ഞാനം
സ്വപ്നത്തിൽ കാണും ജ്ഞാനം
നിദ്രയിൽ കൊള്ളും ജ്ഞാനം
ഈയിത്തും പ്രജ്ഞാനം താൻ

ഇങ്ങനെ സ്ഥൂല സൂക്ഷ്മ
കാരണമായ് പുരുഷൻ
കൊള്ളും ജ്ഞാനംപ്രജ്ഞാനം
അറിക മഹാമതേ
അഖിലജ്ഞാനമതിൽ
അന്തർഭവിക്കകൊണ്ടു്
ബ്രഹ്മമാം ജ്ഞാനമെന്നു
ശ്രുതികൾ ഘോഷിക്കുന്നു.

നമസ്തേ ഗുരുക്കന്മാരേ !
നമസ്തേ സദാശിവാ
നമസ്തേ മഹാവിഷ്ണോ
നമസ്തേ ചതുർമുഖാ
നമസ്തേ ശ്രീഗോപാലാ
നമസ്തേ നമോ നമഃ

# ഓം
## അഹം ബ്രഹ്മാസ്മി

മഹാവാക്യാത്ഥത്തെ ചൊല്ലി
ശ്രുതികരം വിപുലം ചൊല്ലം
അതിൻ വിധികരം അതേപടി
അനുസരിക്കയേ വേണ്ടു.

പൊരുരം ഞാനറി
ഞ്ഞതു പറഞ്ഞീടാൻ
കഴിവതു ശ്രമിച്ചീടാം

അഹം ബ്രഹ്മാസ്മിയെന്നു
യജുസ്സു വിധിക്കുന്നു.
പ്രജ്ഞാനം ബ്രഹ്മമെന്നു
ഋക്കതു വിധിച്ചപ്പോരം
പുരുഷവിധേയം പോൽ
നിന്നബ്രഹ്മം തൻെറ
വിപുല വിശാലമാം
വ്യാപ്തിയെ കാട്ടീടുന്നു.

അഹം ബ്രഹ്മാസ്മിയോ കേരം
മായയാമിരുളതിൽ
പ്രഷ്ടനായ് സഞ്ചരിക്കും
മിന്നാമിനുങ്ങുപോലെ
പൃഷ്ടപ്രകാശനായി
തന്നെ താൻ കണ്ടീടാതെ
നീങ്ങുമവ്യക്തിഗത
മായാബദ്ധനാം വിഭു
ബദ്ധനല്ലൊരിക്കലു-
മെന്നങ്ങു പ്രകാശിച്ചു

വിഭുവാം ബ്രഹ്മം തന്നെ
താനെന്നതറിയിക്കും
ജഗന്മോഹന വിധിയത്രേ
അഹം ബ്രഹ്മാസ്മികേൾക്കാ.

ഇനിയും ചൊല്ലീടാം ഞാൻ
കേൾക്കുക വഴിപോലെ,
അഹമെന്നുൾകൊൾവതു്
ഇന്ദ്രിയ സംഘാതമോ
മനസ്സോ രണ്ടുംചേർന്നോ,
ജീവനായ് പ്രകാശിക്കും
മായാബദ്ധനോ അല്ലാ,
മായ, തൻ വൈഭവം
താൻ, എന്നങ്ങറിഞ്ഞു
നിൽക്കും, ബോധാത്മാ തന്നെ
യെന്നു, ബോധിക്കമെഹാമതേ.

പൂർണ്ണത്തിൽ നിന്നുപൂർണ്ണ
മല്ലാതെ മററൊന്നുമേ
ഉണ്ടാകയില്ലെന്നുള്ള
വാസ്തവതത്വമത്തു
സാദ്ധ്യകരിപ്പതിനോ
യെന്നുതോന്നുമാറു വ്യക്തി
ഗത അഹമായിട്ടു
തോന്നിച്ച നിലകൊള്ളും
ബോധത്തെ വീക്ഷിച്ചങ്ങ-
റിയാനിറങ്ങിയോരാ–
ത്മാവിനു ഭ്രഷ്ടൊന്നുമേ
ഭവിച്ചില്ലെന്നറിവേ-
കികൊണ്ടു നിലകൊള്ള
മാത്മവാനത്രേ- അഹം
ബ്രഹ്മാസ്മിയതിലഹ
മായ് നിലകൊള്ളുംബ്രഹ്മ
മെന്നറികമഹാമതേ.
അഹം ബ്രഹ്മാസ്മി
ബ്രഹ്മൈ വാഹമസ്മി.

# ഓം

## തത്ത്വം അസി

ഗാനാത്മകമാകും
സാമവേദത്തിലെ
'തത്വമസി' യെ ഞാ-
നാകുന്നവണ്ണം പ-
റഞ്ഞറിയിച്ചീടാം

'തത്'' അതു ബ്രഹ്മത്തെ
ഉന്നുന്ന ലക്ഷ്യത്തിൽ
'ത്വം' അതു് ആത്മാവായ്
നിൽക്കുന്ന ലക്ഷ്യത്തിൽ
രണ്ടുമൊന്നെന്നതേ
ഓതു'ന്നസി'യതു്

,,സയഏഷോ ƒണിമൈ
താദാത്മ്യമിദം സർവം
തൽസത്യംസ ആത്മാ
തത്ത്വം അസി
ശ്വേതകേതോ ഇതി''
ഇതാണുശ്രുതിവചനം
അതിനെ തന്നെയൊന്നു
പരിചിന്തനം ചെയ്യാം

,തത്'' എന്നിവിടെ വിചിന്തനം
ചെയ്‌വതു് മൂലകാരണമായ
ബ്രഹ്മമോ പ്രകൃതിയോ
പ്രകൃതിയതാണെന്നാകിൽ
ജഡപ്രധാനമതുചിത്തി-
നെ വഹിക്കില്ല, ചിത്തു
ജഡത്തിൽ നിന്നുണ്ടാകയില്ല-
താനും, അതിൻെറ ന്യായം.

കേൾക്ക, കാരണമതി
ങ്കലില്ലാത്തതൊന്നുമേ
കാര്യത്തിലുണ്ടായ്‌വരാ,
അന്യഥായുള്ള യുക്തി
അതിനു ചാർവാകനേ
തുണയായുണ്ടായ്‌വരു,
ചുണ്ണാമ്പും മഞ്ഞളുമായ്
ചേർന്നെന്നാൽ ചുകപ്പു
വന്നുകൂടും ചുകപ്പതു്
വെള്ളയല്ലാ, മഞ്ഞയും
ചുകപ്പല്ലാ രണ്ടുമല്ലാത്ത
തൊന്നുകാണുന്നില്ലയോ
ഭുവി, ആയതുപോലെ
കാണുന്നു പലവിധം
ലോകേ ആയതുപോലെ
പ്രകൃതിതൻ ദ്രവ്യം ചേ-
ന്നാൽ ദ്രവ്യമല്ലാത്തതു-
ണ്ടായീടാമെന്നേ നാം കാണ
വേണ്ടൂ, ആയതുപോലെ
കാന്തക്കല്ലതിൽ ശക്തി
കാണ്മാനില്ല, അതുപോൽ
ആണിയിലും ശക്തിയതു്
കാണ്മാനില്ല, എങ്കിലും
അതു തമ്മിൽ ചേർക്കുമ്പോൾ
കാണും ശക്തിയെ പാർക്കാ
അതുപോലിപ്രപഞ്ച
ത്തിനും കാരണം കാണു
ക സത്തതു് പ്രധാനമായ്

യുക്തിയേ മഥിച്ചുണ്ടു
കാട്ടേണം ബോധത്തിനെ
പാലിനെ മഥിച്ചുണ്ടു
വെണ്ണയെയെടുക്കുംപോൽ,
അതുപോൽ നമുക്കിന്നു
നോക്കീടാമിവിടെയും.

സൂചിപ്പിക്കുന്നു ശ്രുതി
സത്തിനെ സൂക്ഷ്മത്തിൽ
സൂക്ഷ്മമാകുമണിമാവിനെ,
സർവകാരണ സത്യമായി,
ആ സത്യമാത്മാവായി,
സർവത്തിലും നിൽക്കുന്ന-
തായും, ആയതു തന്നെ
നീയുമെന്നുശ്വേതകേതു-
വോടോതി ഉറപ്പിക്കു-
ന്നിതു ബോധത്തിനെ.

സൂക്ഷ്മത്തിൽ സൂക്ഷ്മമാകും
അണിമാവും പ്രധാന
മായിക്കോട്ടേ, എന്നാൽ
ശ്വേതകേതുതന്നാത്മാ
ജഡമാം പ്രധാനമെ-
ന്നോതിയാൽ നിരക്കില്ലാ,
ആയതു സത്യമല്ലാ,
പ്രധാനത്തിൽ നിന്നു-
മാത്മാവതുണ്ടായതായ്
ശ്രുതി ഓതുന്നുമില്ലാ
സൂക്ഷ്മത്തിൽ സൂക്ഷ്മമാകും
അണിമാവേയുറംകൊള്ളുവാൻ

സൂക്ഷ്മമാം ജഡത്തിനും
സാദ്ധ്യമതല്ലെന്നോർക്ക
ആയതു വിവരിക്കാം
ശ്രദ്ധയാ കേട്ടുകൊൾക
ഇരുമ്പു ബന്ധിക്കില്ല
അഗ്നിയാം സൂക്ഷ്മത്തിനെ,
കണ്ണാടി തടുക്കില്ലാ
പ്രകാശ രശ്മി അതേ,
ആകാശം കടക്കുന്നു
സർവത്ര ഭൂതമതിൽ,
ആകാശേ കടക്കുന്നു
ശബ്ദതന്മാത്രകളും,
ആയതിൽ കടന്നീടും
മനസ്സും, മനസ്സതിൽ
മഹത്തത്വം, മഹത്തത്വേ
അവ്യക്തവും, അവ്യക്തേ
പുരുഷനും കടക്കുമേ,
അങ്ങനെ പുരുഷനാൽ
കടക്കപ്പെടുന്നതാം
അവ്യക്ത പ്രധാനത്തെ
പുമാൻ തൻ കാരണമായ്
ചൊല്ലുക ശരിയല്ലാ
പുരുഷനോ-തോടില്ലാത്ത
ബോധമതെന്നാകയാൽ
ആയതു പ്രജ്ഞാനം താൻ,
ആയതു തന്നെ ബ്രഹ്മം.
അങ്ങനെ 'തത്' അതു്
ബ്രഹ്മമതാണെന്നായാൽ
'ത്വ'മ്മിനെ കാട്ടീടുവാൻ
ശ്രമിക്കാം കേട്ടുകൊൾക!

'ത്വം' അതു ശരീരമല്ലാ
ഇന്ദ്രിയ സംഘാതമോ
മനസ്സും ചേർന്ന സൂക്ഷ്മ
ശരീരമായതുമല്ലാ,
സ്ഥൂലസൂക്ഷ്മങ്ങൾ ചേർന്ന
ശരീരമതുമല്ലാ,
കാരണ ശരീരമാം
മഹത്തോ, അവ്യക്തമോ
ആകുക സാധ്യമല്ലാ-
ബോധമതില്ലായ്കയാൽ.

പിന്നയോ 'ത്വം' ആവതു്
ബുദ്ധി ആദിയായവസ്തു്
സർവദാ സാക്ഷിയായി
നിൽക്കും ചിന്മാത്രമത്രേ,
ആത്മാവുമതുതന്നെ.

ഈ ആത്മാ ബ്രഹ്മമാവ
തെങ്ങിനെയെന്നതേ
അസിയാൽ വിവക്ഷിതം.

അസി അത് ആക്കുകയല്ലാ,
ആകയുമല്ലാ അതു്,
അതതു തന്നെയാണെടോ.

തത്ത്വം അസി.

# ഓം

## "അയമാത്മാ ബ്രഹ്മ"

കടയാം നമുക്കാ
മോഹന ബോധാർണ്ണവം,
അഥർവണശ്രുതിയതാം
മോഹന മഹാർണ്ണവം.
പണ്ടുപണ്ടേ ബുധന്മാർ,
ഗുരുക്കരം, മഹാശയർ,
തന്മയമായ്കടഞ്ഞ
സുധയത്തുനുകന്നീടാം.

**ഹരി ഓം**

"ഓമിത്യേ ദക്ഷരമിദംസർവം
തസ്യോപ വ്യാഖ്യാനം
ഭൂതം, ഭവത്, ഭവിഷ്യദിതി,
സർവമോങ്കാര ഏവ,
യച്ചാന്യാത്ത്രികാലാതീതം,
തദപ്യോങ്കാര ഏവ,
സർവഹേതദ്ബ്രഹ്മ,
അയമാത്മാബ്രഹ്മ,
സോയമാത്മാ ചതുഷ്പാത്"

അയമതാദ്യ പദം,
രണ്ടാമതാത്മാവത്തും,
മൂന്ന തേബ്രഹ്മമത്തും,
ഇവതൻ ചേർച്ചയാണ്
വിഷയം നമുക്കിന്ന്.

ജീവാത്മാവായി നില്ക്കും
ആത്മാവങ്ങൊരു നേരം,

ഏഴവയവത്തോടും
പത്തൊൻപതു മുഖത്തോടും,
ബഹിർപ്രജ്ഞനായ് നിന്നു
സ്ഥൂലത്തെ ഭുജിപ്പതായ്
കാണുന്ന കാലത്തിങ്കൽ
അതിനെ വൈശ്വാനരനെ-
ന്നു ചൊല്ലുന്നു ബുധജനം.
അതുപോലന്തഃ പ്രജ്ഞ-
നായിരുന്നു സൂക്ഷ്മത്തെ
ഭുജിപ്പതായ് കാൺമതാ
രേയാണോ അതിനെ തൈ
ജസനെന്നു ചൊല്ലുന്നു
ബുധജനം, അതുപോൽ
അന്തഃ പ്രജ്ഞതയും വിട്ടു്
സർവ്വവും ലയിപ്പിച്ചു്
പ്രാണൻ താൻ ബോധംവിട്ടു
ഭരണം ചെയ്യുംകാലം
നിലകൊള്ളുമാത്മാവിനെ
പ്രാജ്ഞനെന്നു ശ്രുതികൾ
ഓതുന്നു വിശേഷമായ്.

ആയതേ സർവേശ്വരൻ,
ആയതേ സർവജ്ഞനും,
ആയതേ അന്തര്യാമി,
ആയതേ സർവ ഭൂതോ
ല്പത്തിസ്ഥാനമതും,
ആയതുതന്നെ സർവ
ഭൂതങ്ങൾക്കുത്ഭവവും
ലയസ്ഥാനവുമതുതന്നെ.

“നാ അന്ത: പ്രജ്ഞം
നബഹിർ പ്രജ്ഞം
നോഭയത പ്രജ്ഞം
നപ്രജ്ഞാന ഘനം
നപ്രജ്ഞം നാ പ്രജ്ഞം
അദൃശ്യമവ്യവഹാര്യ-
മഗ്രാഹ്യമലക്ഷണ-
മചിന്ത്യമവ്യപദേശ്യം
ഏകാത്മ പ്രത്യയസാരം
പ്രപഞ്ചോപ ശമം
ശാന്തം ശിവമദൈ്വതം
ചതുർത്ഥം. മന്യന്തേ
സആത്മാസവിജ്ഞേയ”

അന്തപ്രജ്ഞംനെന്നായാൽ
ആയതു ശരിയല്ലാ,
ബഹിർപ്രജ്ഞനെന്നായാൽ
ആയതും പററുകില്ലാ,
രണ്ടും ചേർന്നതോ
ആയതുമല്ലാ അതു്,
പ്രജ്ഞാനം ഘനീഭവി
ച്ചെന്നു ചൊല്ലിയാല-
തും ശരി അതാകയില്ലാ,
അറിയുന്നവനല്ലാ,
അറിയാത്തവനല്ലാ,
ദൃശ്യവിധേയനല്ലാതവൻ,
ഗ്രാഹ്യനല്ലാതിരുപ്പാൻ,
ലക്ഷണ വിഹീനനവൻ,
ഈവിധമിരിക്കമാത്മാ

വിനെയാണ് 'അയമാത്മാ
ബ്രഹ്മ' വാക്യത്തിലെ
അയം പദം ചൂണ്ടുന്നതു്.

ബ്രഹ്മത്തെ പാൎത്തുനോക്കാം
"മഹദഹങ്കാര പൃഥിവ്യ
പ്തേജോവായുരാകാശാ-
ത്മകത്വേനബൃഹദ്രൂപേണാ
ണ്ഡകോശേന കർമ്മജ്ഞാനാ
ത്മരൂപതയാ ഭാസമാന
മദ്വിതീയമഖിലോപാധി
വിനിർമുക്തം തത്സകല
ശക്ത്യുപബൃംഹിതമനാ-
ദ്യന്തം ശുദ്ധംശിവം ശാന്തം
നിർഗ്ഗുണമിത്യാദിവാച്യ
മനിർവാച്യം ചൈതന്യംബ്രഹ്മ:

ഏകാത്മ പ്രത്യയസാരമാം
ആത്മാവിനെയാണു
സർവ്വാത്മകത്വേന
വിവരിപ്പൂ ബ്രഹ്മമതായ്
അതുപോൽ പ്രപഞ്ചോപശമത്തെ
വിവരിപ്പൂ മഖിലോപാധി
വിനിർമുക്തമാം ബ്രഹ്മമായീ,
ശാന്തം ശിവമദ്വൈതാ
ദിപദങ്ങൾ രണ്ടിലു
മൊരുപോലെ കാണു-
കമൂലമായി ആത്മാവാ
മതിനെ ബ്രഹ്മമെന്ന-
റിക മഹാമതേ.

ശ്രുതിയത്തു ചൊല്ലിയാലും
യുക്തിയാൽ മഥിച്ചാലേ
അനുഭവ സുധഊറൂ,
ആയതുകൊണ്ടു നമു-
ക്കതിനും തുനിഞ്ഞീടാം.

എങ്ങും നിറവുററ
ബ്രഹ്മമെന്നാകിലോ
എങ്ങുമേ കാണില്ല-
പാധിയതിന്നെടോ,
ഉപാധി പിണഞ്ഞെന്നാൽ
ആത്മാവു ജീവനാകും,
ജീവൻെറ ഉപാധിയെ
ഉരിച്ചു കളഞ്ഞെന്നാൽ
കാണുമേ ആത്മാവിനെ,
ആത്മാവു പലതെങ്കിൽ
ബ്രഹ്മമതല്ലെന്നാകും,
പ്രപഞ്ചോപശമമാകും
ഏകാത്മ പ്രത്യയസാരം
ഏകാത്മ പ്രയോഗത്താൽ
വിപരീതം നിഷേധിപ്പൂ
തുരീയാത്മാ പ്രപഞ്ചോപ
ശമമെങ്കിൽ പ്രപഞ്ച
വിലക്ഷണ ബ്രഹ്മവു
മതുതന്നെ, ശാന്തമായ്
ശിവമായി അദ്വൈത
മായിക്കാണും ആത്മ
ലക്ഷണമത്രേ, ശുദ്ധം
ശിവം ശാന്തമാദിബ്രഹ്മ-
ത്തിൻ ലക്ഷണമത്രേ

ഒന്നെന്നു വ്യക്തമായ്
കാണിക്കുന്നു, അങ്ങനെ
ആത്മാബ്രഹ്മം തന്നെ.

എങ്കിലും രണ്ടായി
തോന്നിയ കാരിയം
ശ്രദ്ധിച്ചു കേട്ടാലും നീ
ബ്രഹ്മത്തിൽ ചൈതന്യ
ത്തെ പാർക്കുന്നമാത്രയതിൽ,
ബ്രഹ്മമതാത്മാവായി,
നിലകൊള്ളുകയത്രേ,
ആത്മോൻമുഖമതായി
നിൽക്കുമാശക്തിയതേ
കാട്ടും, മറയതാം മായ
യെന്നതോർക്കുക മഹാമതേ.

മറയത്തു മാററിയെന്നാൽ
ആത്മാവു ബ്രഹ്മം തന്നെ
ബ്രഹ്മത്തിനു മറയില്ല,
ആത്മാവിൻ ലക്ഷണമല്ല
മറയെന്നറിയേണം.

ബ്രഹ്മത്തിന്നീക്ഷണ
ശക്തിയതിൽ കാണു
ന്നുപ്രപഞ്ചമത്രും,
മായയുമത്രുതന്നെ,
അല്ലാതെ വേറിട്ടൊരു
പ്രസ്ഥാനമില്ലെന്നോക്കാ
അങ്ങനെ 'അയമാത്മാ
ബ്രഹ്മ' മെന്ന വചസ്സും
പൂർത്തിയാക്കാം.

ഓം ശാന്തി: ശാന്തി: ശാന്തി:

# ഓം

അർച്ചിത കുസുമങ്ങൾ,
അമൃത തേന്തൂറീടും
സുഗന്ധ കുസുമങ്ങൾ

---

## ഓം

ആത്മാവാം കുഞ്ഞിനെ
ആട്ടിയുറക്കുന്ന
ശ്രീ മഹായോഗമാതാവേ,
വിദ്യാസ്വരൂപിണീ !
ശക്തിസ്വരൂപിണീ !
ആനന്ദരൂപിണീ !
ദേവീ ! ദേവീ !

ബോധമാം കുഞ്ഞിനെ
ആട്ടി ഉറക്കീടും
ലോകൈക നാഥേ ശിവേ !
സത്യസ്വരൂപിണീ !
നിത്യസ്വരൂപിണീ !
ആനന്ദ വാഹിനീ !
ദേവീ ! ശിവേ !

ബോധസ്വരൂപാ നീ
അളവററ ബോധമായ്
ആത്മാവാം കുഞ്ഞായി
സ്വയം പ്രകാശമായ്
കണ്ടു കണ്ടു്,
ആനന്ദ നൃത്തങ്ങൾ
ചെയ്തുചെയ്തങ്ങിനെ

നില കൊാംവതത്രേ
നിന്നാത്മ ധർമ്മം
അർച്ചിപ്പതിന്നൊരു
പുഷ്പമേയുള്ളല്ലോ,
ആനന്ദവിലസിത
ബോധ കുസുമമേ.

സ്വയം പ്രകാശമായ് നൃത്തമാട്ടു
പരിമളം വീശി നീ നൃത്തമാട്ടു
പ്രണവ സ്വരൂപമായ് നൃത്തമാട്ടു
ബോധാമൃതമായി നൃത്തമാട്ടു

ആയതുമാത്രമേ
എന്നും തണുപ്പിക്കൂ
ആയതേ നീ ചെയ്യും
സേവ എനിക്കെടോ.

ബോധാമൃതം തൂകി
ആനന്ദ വിത്തുകൾ
ആവോളം കിളി,
ർപ്പിപ്പതത്രേ ധർമ്മം

ബ്രഹ്മത്തിൽ നിന്നെങ്ങും
പോയിട്ടേയില്ലെന്നാണോ-
ണയിട്ടോതും ശിശുക്കൾപോലെ

ആണയിട്ടോതി
ഉറച്ചങ്ങു നിൽക്കുമ്പോൾ
ഞാനും കനിയുമേ
എൻെറ ഉണ്ണീ
ഞാനും കനിയുമേ
എൻെറ ഉണ്ണീ.

ഓം

ബ്രഹ്മമാം വൃക്ഷത്തിൻ
കനിയതായ് നിന്നീടും
ആത്മപുരുഷരാം
ആനന്ദക്കനികളേ!

ബ്രഹ്മമാമാകാശേ
കാഴ്ചയായ് നിന്നീടും
നക്ഷത്രജാലങ്ങളേ!
സ്വയം പ്രകാശമായ്
ആനന്ദം വിതറീടും
ബ്രഹ്മത്തിൻ ബീജങ്ങളേ!
തേജോപുഞ്ജങ്ങളേ!

മാഴ്കേണ്ട കാരിയം
നിങ്ങൾക്കിന്നെന്തെടോ
പൂർണ്ണത്തിൽ നിന്നും
ജനിച്ച പൂർണ്ണങ്ങളേ !

ആലോലം പാടിരസിക്കാം,
ആനന്ദമാടി ലസിക്കാം,
ബ്രഹ്മത്തിൻ വൈശിഷ്ട്യ
മോർത്തു രസിക്കെടോ,
ആനന്ദ ആത്മാക്കളേ,
ഓരോ കനിയതും
ഓരോ ആത്മാക്കളാണ്,
ബ്രഹ്മമായ് നിൽക്കയും,
പലതായി കാൺകയും
ഏകമായ് നിൽക്കയും
പലതായി നിൽക്കയും
അത്ഭുത കാഴ്ചകൾ
പലതരം കാട്ടിയും

നിർഗ്ഗുണ ബ്രഹ്മമായ്
നിലകൊണ്ടു നിൽക്കയും,
ലക്ഷണം കാട്ടിതെളി
വോടേ നിൽക്കയും,
അളവററ കോടിയായ്
നിലകൊള്ളമാത്മാക്കളം
അളവററ ബ്രഹ്മമായ്
ബോധ്യപ്പെട്ടവതും,
അണ്ഡകടഹത്തിന്നടി
ത്തട്ടിൽ പോവതായ്,
കണ്ടു ഭീതിപ്പെട്ടം
കാഴ്ചകൾ, നീതന്നെ
കാട്ടുന്നതാണെന്ന
റിയുന്ന നേരത്തേ-
ആനന്ദമെന്തെടോ
ആരു വർണ്ണിക്കമോ
ആനന്ദമാമതിൻ
പ്രളയത്തിലെത്തുമേ.
ജലപ്രളയമേ
പ്രളയമതല്ലെടോ,
അഗ്നിപ്രളയവും
പ്രളയമല്ലോക്കെടോ,
ആനന്ദ പ്രളയമേ
പ്രളയമതാവുള്ളൂ,
ആനന്ദ പ്രളയമേ
പ്രളയമതാവുള്ളൂ.
ജല പ്രളയമോ
കാലങ്ങൾ ചെല്ലുമ്പോൾ
വീണ്ടും കര കാണും,
അഗ്നി പ്രളയവും
കാലം ചെന്നീടുമ്പോൾ
വീണ്ടും കരകാണും,
ആനന്ദ പ്രളയത്തിൽ
കര വീണ്ടും വരവില്ലാ,

ആനന്ദ പ്രളയത്തിൽ
കര വീണ്ടും വരവില്ലാ
കരടില്ലണുവില്ലാ
ബോധാമൃതജലേ,
ആനന്ദമല്ലാതെ
മററൊന്നുമില്ലെടോ,

സുഷുപ്തിയായതും
പ്രളയമതാണെടോ,
സുഷുപ്തി കഴിയുമ്പോഴും
ജഗത്തങ്ങു കാണുമേ,
മരണമതോർത്തെന്നാൽ
സുഷുപ്തി സമമാണു്,
മരണം കഴിഞ്ഞെന്നാൽ
വീണ്ടും ജനനമാം,
പ്രളയം കഴിഞ്ഞെന്നാൽ
വീണ്ടും ജഗത്തുണ്ടേ,

ജലമതായാലും,
അഗ്നിയതായാലും,
വായുവതായാലും,
ആകാശമാകിലും,
വീണ്ടും ജഗത്തുണ്ടേ,
ആനന്ദ പ്രളയത്തിൽ
അണ്ഡമില്ലണുവില്ലാ,
സത്തില്ല സത്തില്ല,
സദസത്തതുമില്ലാ.

ഏകമാം ബ്രഹ്മമേ!
ബോധാമൃതമതേ!
ആനന്ദാകാശമേ!
ആനന്ദബോധമേ!
ചിദാകാശമേ!
നിന്നെയെത്രമേൽ വാഴ്ത്തണം,
അത്ഭുത നിർവിശേഷമേ!
നിർഗ്ഗുണ ബ്രഹ്മമേ!

## ഓം

പണ്ടുപണ്ടു ഞാൻ
തപം ചെയ്യും കാലം,
ബ്രഹ്മചര്യത്തിന്റെ
വീര്യവും ധൈര്യവും
മാത്രമെൻ ഗുരുപദേശ
ത്തിന്നു താങ്ങലായ്
നില്ക്കും കാലം,
ദേവദർശനങ്ങൾ
പലതും കിട്ടും കാലം,
അന്നൊരു ചിന്ത വന്നു
കൂടി എൻ ഹൃദന്തരേ,
എത്രമേൽ പ്രയത്നിച്ചാ
ലുമെന്നമ്മതൻ ദർശന
ത്തിന്നു ഞാനാളാകാ,
എന്നു ദുഃഖത്തോടെ,
മഹേശ്വരിതൻ
കോമള വടിവത്
ക്ഷോഭമില്ലാതെ പാ
ർക്കാനാളാവില്ലെന്നു
റച്ചു, പലതും കരുതി
ഞാൻ കഴിച്ചു കുറെനേരം.

ഉജ്ജ്വലത്തായ്ത്തരിച്ചു
ശരീരമെല്ലാമപ്പോൾ,
രോമങ്ങളെഴുന്നേററു,
പ്രാണനങ്ങൂർദ്ധ്വമായ്
കപാലം ഭേദിച്ചങ്ങു
ഫൂൽക്കാരത്തോടെ
നഭസ്സുനിറഞ്ഞങ്ങു
ഖണ്ഡാകാശമായി,
ഞാനെൻ ദേഹം മറന്നു
സാക്ഷിമാത്രമതായി,
നിന്നന്നഭസ്സിൽ പതിനൊ
ന്നു മണിസൂര്യസ്ഥലേ

കാണായിതാ ദിവ്യജോതിസ്സ്
വെള്ള രശ്മിശരീരമായ്,
വെള്ള രശ്മിയാൽ തീർത്ത
വസ്ത്രം ധരിച്ചതായ്
എന്നമ്മ തൻ പ്രായമായ,
ഹാസരൂപിണീ ദേവി
എനിക്ക കാണായ്‌വന്നു.

മൗനമായ് ഭാഷിച്ചങ്ങു
മയായ് നിലകൊണ്ടു,
ചോദിച്ചിതെന്നോടേവം
എന്തു നീ പറയുന്നു,
സമ്മതിച്ചു ഞാൻ,
മൗനഭാഷ വ്യക്തം ചൊല്ലി,
എനിക്കും സാദ്ധ്യമമ്മേ
അമ്മയെ ദർശിക്കുവാൻ,
സമ്മതിച്ചു ഞാൻ.
ഇത്രയുമായപ്പോഴേ
കൈകൊട്ടി ഹസിച്ചമ്മ
രശ്മി മാത്രമായ് നഭ
സെങ്ങും നിറഞ്ഞു പ്രഭയായ്
ഞാനെത്ര നേരമോയിരുന്നു
സംതൃപ്ത പുത്രഭവാൽ.
വീണ്ടും ഞാൻ ചരിച്ചിതു
ഏകാന്തമട്ടതായ്

നമസ്തേ മഹാമാതേ
നമസ്തേ വിദ്യാരൂപി
നമസ്തേ ഉമാദേവീ
നമസ്തേ മഹേശ്വരീ
നമസ്തേ പരാശക്തീ
നമസ്തേ മഹാമായേ
നമസ്തേ നമോ നമഃ

ഓം ഓം ഓം